## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** | **28-02-2023 - ൽ മറുപടിയ്ക്ക്**

## താന്നിക്കോട് മല കേന്ദ്രമാക്കി പ്രത്യേക കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി കുടിവെള്ള വിതരണത്തിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കു മായി ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജലശുദ്ധീകരണശാല കൂളിമാടാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. കൂളിമാട് ജലശുദ്ധീകരണശാലയിൽ നിന്നും വരുന്ന ജലം താന്നിക്കോടുമലയിൽ സ്ഥാപിക്കുന്ന 70 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയിൽ നിന്നും ചാത്തമംഗലം, ഉണ്ണികുളം, കട്ടിപ്പാറ, കിഴക്കോത്ത്, പുതുപ്പാടി മടവൂർ, താമരശ്ശേരി, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾക്കും കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാരശ്ശേരിയും തിരുവമ്പാടി, കൂടരഞ്ഞി, പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന ഓമശ്ശേരി, കൊടിയത്തൂർ (ഭാഗികമായി 50%) എന്നീ പഞ്ചായത്തുകൾക്കുമാണ് ഈ പദ്ധതി വഴി ശുദ്ധജലവിതരണം നല്കാൻ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭരണാനുമതി തുക 701.00 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്തി ഏതൊക്കെ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കു മായി ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജലശുദ്ധീകരണശാല കൂളിമാടാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. കൂളിമാട് ജലശുദ്ധീകരണശാലയിൽ നിന്നും വരുന്ന ജലം താന്നിക്കോടുമലയിൽ സ്ഥാപിക്കുന്ന 70 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയിൽ നിന്നും ചാത്തമംഗലം, ഉണ്ണികുളം, കട്ടിപ്പാറ, കിഴക്കോത്ത്, പുതുപ്പാടി മടവൂർ, താമരശ്ശേരി, കോടഞ്ചേരി എന്നീ |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾക്കും കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാരശ്ശേരിയും തിരുവമ്പാടി, കൂടരഞ്ഞി, പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന ഓമശ്ശേരി, കൊടിയത്തൂർ (ഭാഗികമായി 50%) എന്നീ പഞ്ചായത്തുകൾക്കുമാണ് ഈ പദ്ധതി വഴി ശുദ്ധജലവിതരണം നല്കാൻ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭരണാനുമതി തുക 701.00 കോടി രൂപയാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (സി) | ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ താന്നിക്കോട് മലയിലെ 70 ലക്ഷം ലിറ്റർ ടാങ്കിനുള്ള 76 സെന്റ് സ്ഥലം (സർവ്വേ നമ്പർ : 25/1A3) ലഭ്യമാക്കുന്നതിനായി കോഴിക്കോട് തഹസിൽദാർ വിപണി വില നിർണ്ണയം നടത്തിയെങ്കിലും ആ തുകക്ക് സ്ഥലം വിട്ടു നല്കാൻ ഉടമസ്ഥർ തയ്യാറായില്ല. ആയതിനാൽ ലാൻഡ് അക്വിസിഷൻ നടപടി പ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ